ആർ.എസ്.എസ് ശാഖയിൽ പോയതിന് കുട്ടിക്കാലത്തേറ്റ മർദനം വിജേഷിനെ കടുത്ത സി.പി.എം വിരുദ്ധനാക്കി

വിജേഷ്

കണ്ണൂർ: മുഖ്യമന്ത്രി പിണറായി വിജയനെ വധിക്കുമെന്ന് ഫോണിൽ ഭീഷണി മുഴക്കിയ കേസിൽ പിടിയിലായ ചെറുതാഴം ഹനുമാരമ്പലത്തിന് സമീപം താമസിച്ചിരുന്ന വിജേഷ് ബാലൻ (30) കടുത്ത സി.പി.എം വിരുദ്ധൻ. മനോരോഗത്തിന്റെ തലത്തോളം എത്തുന്ന സി.പി.എം വിരുദ്ധത വിജേഷിൽ അങ്കുരിച്ചത് കൗമാര കാലത്ത് ആർ.എസ്.എസ് ശാഖയിൽ പോയതിന് ഏറ്റ ക്രൂര മർദനം. ചെറുതാഴം വയലിൽ നടന്ന ആർ.എസ്.എസ്. ശാഖയിൽ പോയതിനാണ് വിജേഷിന് മർദനമേറ്റത്. സി.പി.എമ്മുകാരാണത്രെ മർദിച്ചത്. എന്നാൽ പോലീസിൽ പരാതി നൽകിയിട്ടും കേസെടുക്കാൻ തയ്യാറായില്ല. ഇതേ തുടർന്ന് സി.പി.എം അനുഭാവിയായ പിതാവ് ബാലനെയും കൂട്ടി അന്നത്തെ കണ്ണൂർ എസ്.പി മാത്യു പോളികാർപ്പിനെ നേരിൽ കണ്ട് പരാതി നൽകിയതിനെ തുടർന്നാണ് എസ്.പി ഇടപെട്ട് കേസെടുപ്പിച്ചത്. എന്നാൽ അതിന് ശേഷവും പലതവണയായി വിജേഷിന് മർദനമേറ്റുവത്രെ. മാതാവിന്റെയും പിതാവിന്റെയും മരണ ശേഷം രണ്ട് സെന്റ് സ്ഥലവും വീടും വിറ്റ് വിജേഷ് ചെറുതാഴത്ത് നിന്ന് പോവുകയായിരുന്നു. പിതാവിന്റെ ചികിത്സക്ക് പണം കടം വാങ്ങേണ്ടി വന്നതുകൊണ്ടാണ് വീടും സ്ഥലവും വിറ്റത്. എസ്.എസ്.എൽ.സി വിദ്യാഭ്യാസം മാത്രമുള്ള വിജേഷ് ജോലി തേടി അലയുന്നതിനിടയിൽ ആർ.എസ്.എസുമായി സുദൃഢ ബന്ധം ഉണ്ടാക്കിയിരുന്നു. ആർ.എസ്.എസുമായുള്ള അടുത്ത ബന്ധം പോലീസ് ചോദ്യം ചെയ്യലിൽ ഇയാൾ സമ്മതിച്ചു. ആലുവയിൽ പത്ത് ദിവസം നീണ്ടുനിന്ന ആർ.എസ്.എസിന്റെ ഐ.ടി.സി ക്യാമ്പിൽ അടുത്തിടെ പങ്കെടുത്തതായും വിജേഷ് വെളിപ്പെടുത്തി. എറണാകുളത്ത് കുറേക്കാലം ജോലി ചെയ്ത ഇയാൾ ഗരുഡ മംഗല്യസഹായി എന്ന സ്ഥാപനത്തിലും ആർ.എസ്.എസിന്റെ നിയന്ത്രണത്തിലുള്ള വടക്കൻപറവൂരിലെ ശിശുപരിപാലന കേന്ദ്രത്തിലും ജോലി ചെയ്തിട്ടുണ്ട്. ഗരുഡ മംഗല്യ സഹായിൽ നിന്ന് ഒരു ലക്ഷം രൂപയോളം ശമ്പള ഇനത്തിൽ ലഭിക്കാനുണ്ടത്രെ. അവിടത്തെ ജോലി മതിയാക്കിയ ശേഷമാണ് തൊഴിൽ അന്വേഷിച്ച് കാസർക്കോട് എത്തിയത്.

മുഖ്യമന്ത്രിയെ വധിക്കുമെന്ന് സി.പി.എം ജില്ലാ കമ്മിറ്റി ഓഫീസിൽ ഫോണിൽ വിളിച്ച് പറഞ്ഞ ഇയാൾ ഒരു ദിവസം കാസർക്കോട് റെയിൽവേ സ്റ്റേഷനിലും മറ്റൊരു ദിവസം സ്റ്റേഷനടുത്തുള്ള ബന്ധു നാരായണന്റെ വീട്ടിലും താമസിച്ചുവെന്നാണ് പോലീസിനോട് പറഞ്ഞത്. എന്നാൽ തന്റെ വീട്ടിൽ താമസിച്ചിട്ടില്ലെന്നാണ് നാരായണൻ പോലീസിന് മൊഴി നൽകിയത്. പിടിയിലാകുമ്പോൾ ഇയാളുടെ കൈവശം 80 രൂപയും ഒരു സൂട്ട്കെയ്സും മാത്രമാണ് ഉണ്ടായിരുന്നത്. സൂട്ട്കെയ്സിൽ ഡയറി കുറിപ്പുകളും ഷേവിംഗ് സെറ്റും വസ്ത്രങ്ങളുമാണ് ഉണ്ടായിരുന്നത്. ഡയറിക്കുറിപ്പുകളിൽ സി.പി.എം വിരോധം നിറഞ്ഞുനിൽക്കുന്നുണ്ട്. സി.പി.എം തന്നെ ജീവിക്കാൻ അനുവദിക്കുന്നില്ലെന്നും എന്നാൽ അവരെ തനിക്ക് ഭയമില്ലെന്നും രാമന്തളിയിൽ കുടുംബക്ഷേത്രോത്സവത്തിന് പോകാൻ തീരുമാനിച്ചത് സി.പി.എമ്മിനെ ഭയമില്ലാത്തതുകൊണ്ടാണെന്നും ഒരു കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജീവിക്കാൻ കഴിയുന്നില്ലെന്നും ജോലി ഒന്നും കിട്ടുന്നില്ലെന്നും മരിക്കുന്നതാണ് നല്ലതെന്നും മറ്റൊരു കുറിപ്പിലുണ്ട്. ഇന്നലെ ഉച്ചക്ക് 12.30 ഓടെ കണ്ണൂർ പോലീസ് വിജേഷിനെ കണ്ടെത്തുമ്പോൾ ഇയാൾ അവശനായിരുന്നു. പോലീസ് വാങ്ങി നൽകിയ ഭക്ഷണം ആർത്തിയോടെയാണ് കഴിച്ചത്. പിണറായി വിജയനെ വധിക്കുമെന്ന് ഫോണിൽ വിളിച്ച് പറയുന്നതിന് മുമ്പ് പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ വിളിച്ച് സി.പി.എം പയ്യന്നൂർ ഏരിയാ കമ്മിറ്റി ഓഫീസിൽ വ്യാജ കറൻസി ഉണ്ടെന്ന തെറ്റായ വിവരം പറഞ്ഞിരുന്നു. ഫോൺ ചെയ്തത് വിജേഷാണെന്ന് തിരിച്ചറിഞ്ഞ പോലീസ് ചെറുതാഴത്തും രാമന്തളിയിലെ ഇയാളുടെ ബന്ധുവീട്ടിലും അന്വേഷിച്ച് ചെന്നിരുന്നു. അതിന് പിറകെയാണ് കാസർക്കോട് ഇയാൾ പിടിയിലായത്.

റിട്ട. എസ്.ഐ കുഴഞ്ഞ് വീണ് മരിച്ചു

കണ്ണൂർ: റിട്ടയേർഡ് എസ്.ഐ കുഴഞ്ഞ് വീണ് മരണമടഞ്ഞു. താഴെചൊവ്വ കീഴ്ത്തള്ളി പോലീസ് നഗറിലെ ശ്രീരാഗത്തിൽ പി.കെ.ശിവദാസൻ (59) ആണ് ഇന്ന് പുലർച്ചെയോടെ കുഴഞ്ഞ് വീണതിനെ തുടർന്ന് ആശുപത്രിയിൽ കൊണ്ടുപോകും വഴി മരണപ്പെട്ടത്. മൃതദേഹം കണ്ണൂർ ഗവ. ആശുപത്രിയിൽ.

പോലീസിൽ നിന്ന് റിട്ടേർഡായ ശേഷം മിലിട്ടറി റിക്രൂട്ട്മെന്റ് വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകി വരികയാണ്. ഭാര്യ: അനസൂയ. മക്കൾ: അവിനേഷ് (മർച്ചന്റ് നേവി, പൂനൈ),അഞ്ചുദാസ് (സിണ്ടിക്കേറ്റ് ബാങ്ക് അസിസ്റ്റന്റ് മാനേജർ, തൃപ്പൂണിത്തുറ).

പരിയാരത്ത് നിന്ന് കാണാതായ യുവാവ് ബണ്ട്വാളിൽ മരിച്ചനിലയിൽ

പരിയാരം: പരിയാരത്ത് നിന്ന് കാണാതായ യുവാവിനെ കർണ്ണാടക ബണ്ട്വാളിൽ മരിച്ച നിലയിൽ കണ്ടെത്തി. പരിയാരം ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തെ പോള ഷാജി (39)ആണ് മരണമടഞ്ഞത്. മിനിഞ്ഞാന്ന് രാവിലെയാണ് കാണാതായത്. കെ.എൽ. 59 പി. 4645 നീല നിറമുള്ള പൾസർ ബൈക്കുമായി വീട്ടിൽ നിന്ന് പോയതായിരുന്നു. മൊബൈൽ ഫോൺ കിടപ്പ് മുറിയിൽ ഉപേക്ഷിച്ച നിലയിലായിരുന്നു. ഏക സഹോദരൻ ബസ് ഡ്രൈവർ ഷാജുവിന്റെ പരാതിയിൽ പരിയാരം പോലീസ് കേസെടുത്തത് അന്വേഷണം നടത്തിവരുന്നതിനിടയിലാണ് ഇന്ന് രാവിലെ മൃതദേഹം കണ്ടെത്തിയത്. പരിയാരം മെഡിക്കൽ കോളേജ് പരിസരത്ത് ടാക്സി ഡ്രൈവറായി ജോലി ചെയ്തുവരികയായിരുന്നു. ദാമോദരൻ-കമലാക്ഷി ദമ്പതികളുടെ മകനാണ്.

വിദ്യാർത്ഥിനി ഒളിച്ചോടി

നടുവിൽ: കമ്പ്യൂട്ടർ ക്ലാസിന് പോയ വിദ്യാർത്ഥിനി കാമുകനൊപ്പം ഒളിച്ചോടി. പോത്തുകുണ്ടിലെ പ്രാൺകുമാരന്റെ മകൾ രേഷ്മ (18)യാണ് കാമുകൻ പോത്തുകുണ്ട് സ്വദേശിയായ ലിജേഷിനൊപ്പം സ്ഥലംവിട്ടത്. ഇന്നലെ രാവിലെ എട്ട് മണിക്ക് വീട്ടിൽ നിന്ന് ശ്രീകണ്ഠപുരത്ത് കമ്പ്യൂട്ടർ ക്ലാസിന് പോയ രേഷ്മ പിന്നീട് തിരിച്ചെത്തിയില്ല. അന്വേഷണത്തിലാണ് ലിജേഷിനൊപ്പം പോയതായി വ്യക്തമായത്. രേഷ്മക്കായി വീട്ടുകാർ വിവാഹ ബന്ധം ആലോചിച്ച് വരുന്നതിനിടെയാണ് പെൺകുട്ടി കാമുകനൊപ്പം പോയത്. ഇരുവരുടെയും ഫോണുകൾ സ്വിച്ചോഫ് ചെയ്ത നിലയിലാണ്. ബന്ധുക്കളുടെ പരാതിയിൽ കുടിയാൻമല പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.

പോലീസിന്റെ മേൽ കുറ്റം ചുമത്തി മറ്റ് വകുപ്പുകൾ തലയൂരുന്നു

നഷ്ടപ്പെട്ട വിലപ്പെട്ട രേഖകളുടെ പകർപ്പ് ലഭിക്കാതെ ജനം നട്ടം തിരിയുന്നു

തളിപ്പറമ്പ: പാസ്പോർട്ട്, വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ വിലപ്പെട്ട രേഖകൾ നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് സംഘടിപ്പിക്കാൻ ജനം നെട്ടോട്ടമോടേണ്ട അവസ്ഥ. വകുപ്പുകൾ പരസ്പരം പഴിചാരിയും കുറ്റപ്പെടുത്തിയും സമയം പാഴാക്കുമ്പോൾ വിദേശത്ത് പോകാൻ കഴിയാതെയും വാഹനങ്ങൾ റോഡിലിറക്കാൻ കഴിയാതെയും ജനം ദുരിതം തിന്നുകയാണ്. പല രേഖകളും നഷ്ടപ്പെട്ടാൽ അതാത് വകുപ്പുകളാണ് ഡ്യൂപ്ലിക്കേറ്റ് നൽകുന്നത്. ഉദാഹരണത്തിന് തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് നഷ്ടപ്പെട്ടാൽ ഇലക്ഷൻ വിഭാഗം സത്യവാങ്മൂലം വാങ്ങി ഉടൻ ഡ്യൂപ്ലിക്കേറ്റ് നൽകും. റേഷൻ കാർഡ് നഷ്ടപ്പെട്ടാൽ സിവിൽ സപ്ലൈസ് വകുപ്പ് പകരം കാർഡ് നൽകും. സ്കൂൾ- കോളേജ് സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടാൽ യൂനിവേഴ്സിറ്റിയും പരീക്ഷ ഭവനും പകരം തരും. ഇതിനൊന്നും പോലീസിന്റെ യാതൊരു സർട്ടിഫിക്കറ്റും വേണ്ട. എന്നാൽ ഏതെങ്കിലും വാഹനത്തിന്റെ ആർ.സി. നഷ്ടപ്പെട്ടാൽ ഒരു സത്യവാങ്മൂലം വാങ്ങി പത്രപരസ്യം നൽകി മോട്ടോർ വാഹന വകുപ്പിന് ഡ്യൂപ്ലിക്കേറ്റ് നൽകാവുന്നതാണ്. എന്നാൽ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതായി പോലീസ് സ്ഥിരീകരിച്ച് സർട്ടിഫിക്കറ്റ് നൽകിയാലെ ഡ്യൂപ്ലിക്കേറ്റ് നൽകുകയുള്ളൂ. ഇത് തന്നെയാണ് പാസ്പോർട്ടിന്റെ കാര്യത്തിലും. നഷ്ടപ്പെട്ടു എന്ന് എങ്ങനെയാണ് സർട്ടിഫിക്കറ്റ് നൽകുക എന്നാണ് പോലീസ് ഉദ്യോഗസ്ഥർ ചോദിക്കുന്നത്. പരാതി ലഭിച്ചെന്ന രശീതി നൽകാം. നഷ്ടപ്പെട്ടു എന്ന് കണ്ടെത്താൻ എന്താണ് വഴി ഇതാണ് പോലീസ് ചോദിക്കുന്നത്. താഹസിൽദാർ പറയുന്നത് പോലീസ് സർട്ടിഫിക്കറ്റ് നൽകണമെന്നാണ് അതാത് വകുപ്പിന് തന്നെ ഈ കാര്യത്തിൽ തീരുമാനം എടുക്കാൻ എന്ത് നിയമ തടസമാണ് ഉള്ളതെന്നാണ് പോലീസ് ചോദിക്കുന്നത്. ഇവരുടെ മൂപ്പിളമ തർക്കത്തിനിടയിൽ ദുരിതം തിന്നുന്നത് സാധാരണ ജനങ്ങളാണ്. നിരവധി പേരാണ് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകി കാത്തിരിക്കുന്നത്. ഈ കാര്യത്തിൽ ഒരു വ്യക്തത വരുത്തണമെന്നാണ് സാധാരണക്കാരുടെ ആവശ്യം.

കഞ്ചാവുമായി പിടിയിലായ പിതാർ റെയ്ത (മധ്യത്തിൽ) എക്സൈസ് സംഘത്തോടൊപ്പം.

മന്നയിൽ നിന്ന് രണ്ടരക്കിലോ കഞ്ചാവുമായി ഒഡീഷ സ്വദേശിയെ പിടികൂടി

തളിപ്പറമ്പ: മന്നയിൽ വെച്ച് ഒഡീഷ സ്വദേശിയിൽ നിന്ന് 2.500 കിലോഗ്രാം കഞ്ചാവ് തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം പിടികൂടി. ഒഡീഷയിലെ ഗജപതി ജില്ലയിലെ കേന്ദുസാഹി എന്ന സ്ഥലത്തെ പിതാർ റെയ്ത (34) നെയാണ് ഇന്നലെ ഉച്ചക്ക് 1.15ഓടെ മന്ന പെട്രോൾപമ്പിന് സമീപത്ത് വെച്ച് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ചുമതലയുള്ള റെയിഞ്ച് ഇൻസ്പെക്ടർ എം. രാമചന്ദ്രനും സംഘവും പിടികൂടിയത്. ഇയാൾ കഴിഞ്ഞ ദിവസം നാട്ടിൽ നിന്ന് കൊണ്ടുവന്നതാണ് കഞ്ചാവ്. ഒഡീഷയിൽ കിലോഗ്രാമിന് 4000രൂപയാണ് കഞ്ചാവിന് വില. ഇത് കേരളത്തിൽ വിൽപ്പന നടത്തുമ്പോൾ കിലോക്ക് 25000രൂപ വരെയും ചില്ലറയായി വിൽപ്പന നടത്തുമ്പോൾ രണ്ട് ലക്ഷത്തിലധികം രൂപ വരെയും ലഭിക്കുമെന്ന് എക്സൈസ് സംഘം പറഞ്ഞു. തളിപ്പറമ്പിലേയും പരിസര പ്രദേശങ്ങളിലെയും കോളേജുകളെയും ഇതര സംസ്ഥാന തൊഴിലാളികളെയും കേന്ദ്രീകരിച്ചാണ് കച്ചവടം. ഇന്റലിജൻസിന്റെ രഹസ്യ വിവരം ലഭിച്ചതിനെ തുടർന്ന് എക്സൈസ് സംഘം ഇടപാടുകാരനെന്ന വ്യാജേന സമീപിച്ചാണ് ഇയാളെ കുടുക്കിയത്. പ്രിവന്റീവ് ഓഫീസർമാരായ കെ.പി. മധുസൂദനൻ, എ.അസീസ്, സിവിൽ എക്സൈസ് ഓഫീസർമാരായ വി. മനോജ്, കെ.കെ. കൃഷ്ണൻ, വി.വി. ഷിജു, ഡ്രൈവർ പുരുഷോത്തമൻ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു. തളിപ്പറമ്പ കോടതിക്ക് മുമ്പാകെ ഹാജരാക്കിയ ഇയാളെ രണ്ട് ആഴ്ചത്തേക്ക് റിമാന്റ് ചെയ്ത് കണ്ണൂർ സബ് ജയിലിലടച്ചു.

തടയുമെന്ന് വയൽക്കിളികളും യുവമോർച്ചയും

കനത്ത പോലീസ് കാവലിൽ നാളെ കീഴാറ്റൂർ വയലിൽ സർവ്വേ നടത്തും

തളിപ്പറമ്പ: വയൽക്കിളികൾ രാപ്പകൽ സമരം നടത്തുന്ന കീഴാറ്റൂർ വയൽ ഉൾപ്പെടുന്ന സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ നാളെ ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർ എത്തും. വയൽക്കിളികളും യുവമോർച്ചയുമടക്കമുള്ളവർ തടയുമെന്ന് പ്രഖ്യാപിച്ച സാഹചര്യത്തിൽ കനത്ത പോലീസ് ബന്തവസിലായിരിക്കും സർവ്വേ നടപടികൾ ആരംഭിക്കുക. പോലീസ് സഹായം ആവശ്യപ്പെട്ട് ദേശീയപാത അതോറിറ്റി തളിപ്പറമ്പ പോലീസിൽ അപേക്ഷ നൽകിയിട്ടുണ്ട്.

ജില്ലാ കലക്ടർ ഈ കാര്യം ഉയർന്ന ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തിട്ടുണ്ട്. തളിപ്പറമ്പിന് പുറത്ത് നിന്നുള്ളവരടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരെയും സേനാംഗങ്ങളെയും തളിപ്പറമ്പിലെത്തിക്കാൻ ജില്ലാ പോലീസ് ചീഫ് നിർദേശം നൽകിയിട്ടുണ്ട്.

യുവമോർച്ചയും സി.പി.ഐയും വയൽക്കിളികളുടെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരാഴ്ചക്കുള്ളിൽ ബി.ജെ.പി സംസ്ഥാന പ്രസിഡണ്ട് കുമ്മനം രാജശേഖരൻ ഉൾപ്പെടെയുള്ള സംസ്ഥാന നേതാക്കളും ആർ.എസ്.എസ്-യുവമോർച്ച സംസ്ഥാന നേതാക്കളും കീഴാറ്റൂരിലെത്തും. കുമ്മനം വരുന്ന തീയതി നാളെ മാത്രമേ പ്രഖ്യാപിക്കുകയുള്ളൂ.

സി.പി.എം പ്രവർത്തകരായവർ ചേർന്നാണ് വയൽക്കിളികൾ എന്ന സംഘടന രൂപീകരിച്ച് വയൽ സംരക്ഷണത്തിന് ഇറങ്ങിയത്. ഇവരെ പിന്നീട് സി.പി.എം പുറത്താക്കിയെങ്കിലും സമരവുമായി മുന്നോട്ടുപോവുകയായിരുന്നു.

സർവ്വേ നടപടികൾ എന്തു വിലകൊടുത്തും ചെറുക്കാനാണ് വയൽക്കിളികളുടെ തീരുമാനം. പ്രത്യക്ഷത്തിൽ സർവ്വേ നടപടികൾക്ക് സഹായവുമായി സി.പി.എം രംഗത്ത് വരില്ലെങ്കിലും സർക്കാർ നടപടികളുമായി എല്ലാവിധത്തിലും സഹകരിക്കാൻ അണികൾക്ക് സി.പി.എം നേതൃത്വം നിർദേശം നൽകിയിട്ടുണ്ട്.

തൃച്ചംബരം ഉത്സവം നടക്കുന്ന സമയമായതിനാൽ വളരെ കരുതലോടെയാണ് പോലീസ് നീങ്ങുന്നത്. തൃച്ചംബരം ക്ഷേത്ര റോഡിൽ വയൽക്കിളികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യുവമോർച്ച സ്ഥാപിച്ച ബോർഡ് ഇന്ന് രാവിലെ പോലീസ് നീക്കം ചെയ്തിട്ടുണ്ട്. ക്ഷേത്ര റോഡിൽ യാതൊരുവിധ രാഷ്ട്രീയ തോരണങ്ങളോ ബോർഡോ സ്ഥാപിക്കരുതെന്ന് സർവ്വകക്ഷിയോഗം തീരുമാനിച്ചിരുന്നു.

ലോറി ഇടിച്ച് മരിച്ച പോലീസുകാരനെ അപമാനിച്ച് പോസ്റ്റിട്ടയാൾക്കെതിരെ കേസ്

കണ്ണൂർ: വാഹനാപകട സ്ഥലത്ത് കുതിച്ചെത്തി രക്ഷാപ്രവർത്തനം നടത്തുന്നതിനിടയിൽ മറ്റൊരു ലോറിയിടിച്ച് മരിച്ച പോലീസ് ഡ്രൈവറെ അപമാനിക്കുന്ന നിലയിൽ നവമാധ്യമങ്ങളിൽ പോസ്റ്റിട്ട യുവാവിനെതിരെ പോലീസ് കേസെടുത്തു. അങ്കമാലി തുറവൂരിലെ മുക്കിൽ ഹൗസിൽ എം.വി. സുജിത്തിനെതിരെയാണ് കേസെടുത്തത്. കഴിഞ്ഞ ഞായറാഴ്ചയാണ് കൊട്ടാരക്കര കുളക്കായിലുണ്ടായ റോഡപകടത്തിൽപ്പെട്ടവരെ രക്ഷിക്കാൻ കൊല്ലം സിറ്റിയിലെ പോലീസ് ഉദ്യോഗസ്ഥൻ വിപിൻ കുമാറും സംഘവും സ്ഥലത്ത് എത്തിയത്. ഇതിനിടയിൽ അമിതവേഗതയിൽ പാഞ്ഞുവന്ന ലോറി വിപിൻ കുമാറിനെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. പിന്നീട് ഇയാൾ മരണപ്പെട്ടു. തൊട്ടുപിന്നാലെ ഫെയ്സ്ബുക്കിൽ സുജിത്തിന്റെ മ്ലേഛമായ കമന്റ് വന്നു! 'പിടിച്ചുപറിക്കാരനായ ഇവനൊക്കെ വാഹനമിടിച്ച് മരിക്കണം' എന്ന രീതിയിലാണ് സ്വന്തം ഫോട്ടോ സഹിതം സുജിത്ത് പോസ്റ്റ് ചെയ്തത്. സഹപ്രവർത്തകന്റെ വേർപാടിൽ വേദനയിൽ കഴിയുന്ന പോലീസുകാരും സുഹൃത്തുക്കളും കുടുംബാംഗങ്ങളും ഈ പോസ്റ്റ് കണ്ട് ഞെട്ടിത്തരിച്ചിരുന്നു. ഇന്നലെ കേരള പോലീസ് അസോസിയേഷൻ ഭാരവാഹികൾ ഡി.വൈ.എസ്.പിക്ക് പരാതി നൽകിയതിനെ തുടർന്നാണ് കേസെടുത്തത്.

പേഴ്സ് നഷ്ടപ്പെട്ടു

ചൊറുക്കള: ചൊറുക്കളയിൽ നിന്ന് ബാവുപ്പറമ്പിലേക്കുള്ള യാത്രാമധ്യേ പണവും രേഖകളും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9847670440 എന്നീ നമ്പറിൽ ബന്ധപ്പെടണം.

പ്രതികളിൽ സസ്പെൻഷനിലായ തളിപ്പറമ്പ സബ്‌രജിസ്ട്രാറും

വ്യാജരേഖ ചമച്ച് കോടികളുടെ ഭൂമി തട്ടിയെടുത്തതിന് ഏഴുപേർക്കെതിരെ കേസെടുക്കാൻ ഉത്തരവ്

തളിപ്പറമ്പ: ആൾമാറാട്ടം നടത്തി ഭൂമി രജിസ്ട്രേഷൻ ചെയ്ത് കോടികൾ തട്ടിയെടുത്ത സംഭവത്തിൽ സസ്പെൻഷനിലായ രജിസ്ട്രാർ ഉൾപ്പെടെ ഏഴുപേർക്കെതിരെ കേസെടുക്കാൻ തളിപ്പറമ്പ മജിസ്ട്രേട്ട് കോടതി ഉത്തരവിട്ടു. എറണാകുളത്തെ തുമ്പശേരി റോസ്മേരിയുടെ പരാതിയിൽ എറണാകുളം പാലാരിവട്ടത്തെ കാരയിൽ മുത്തലിബ്, മാട്ടൂൽ നോർത്തിലെ കെ.പി.അബ്ദുൾസത്താർ, മാടായിലെ എ. രാജേന്ദ്രൻ, കല്യാശേരിയിലെ കളത്തിൽ ദീപ, തളിപ്പറമ്പിലെ കൊഴുക്കൽ ഇസ്മയിൽ, തളിപ്പറമ്പിലെ ആധാരമെഴുത്തുകാരൻ എ.പുരുഷോത്തമൻ, സബ് രജിസ്ട്രാർ പി.വി.വിനോദ്കുമാർ എന്നിവർക്കെതിരെയാണ് കേസെടുക്കാൻ പോലീസിന് നിർദേശം നൽകിയത്.

റോസ്മേരിക്ക് ശ്രീകണ്ഠപുരം സംസ്ഥാന പാതയിൽ ചൊറുക്കളയിൽ ഏഴേകാൽ ഏക്ര ഭൂമിയുണ്ട്. സെന്റിന് 60,000 രൂപ പ്രകാരം കാരയിൽ മുത്തലിബിന് ഈ ഭൂമി വിൽപ്പന നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ എഗ്രിമെന്റ് പോലും എഴുതിയിരുന്നില്ല. ഒരു കോടി രൂപ അഡ്വാൻസ് കിട്ടിയാലെ എഗ്രിമെന്റ് എഴുതൂവെന്ന് ധാരണയാക്കിയിരുന്നു. 2017 മാർച്ച് 18ന് 25 ലക്ഷത്തിന്റെ ചെക്ക് നൽകി. ബാക്കി തുക ഉടൻ നൽകാമെന്ന് പറഞ്ഞ് പോയ ഇവരെ പിന്നെ കാണാതായി.

മാസങ്ങൾക്ക് ശേഷം ഭൂമിയുടെ കുടികടം പകർത്തിയപ്പോഴാണ് പ്രതികൾ ഗൂഢാലോചന നടത്തി ഭൂമി വ്യാജരേഖ ചമച്ച് വിൽപ്പന നടത്തിയതായി കാണപ്പെട്ടത്. 2017ൽ കണ്ണൂർ ജില്ലയിൽ ഒരിക്കൽ പോലും വരാതിരുന്ന റോസ്മേരി തളിപ്പറമ്പ രജിസ്ട്രാർ ഓഫീസിൽ എത്തി ഭൂമി രജിസ്ട്രേഷൻ നടത്തിയെന്നാണ് രേഖയിലുള്ളത്. വൻതുക കൈപ്പറ്റിയാണ് ഉദ്യോഗസ്ഥർ ഇതിന് കൂട്ടുനിന്നത്.

പ്രവർത്തനം ആരംഭിച്ചു
ആയുർവേദത്തിലേക്ക് മടങ്ങൂ....
ആരോഗ്യമുള്ള ഒരു തലമുറയെ
വാർത്തെടുക്കൂ....
ജീവിതശൈലി രോഗങ്ങളെ
ആയുർവേദത്തിലൂടെ പ്രതിരോധിക്കൂ...!!!
വെൽനസ്സ് സെന്റർ
അൻസാർ, കോംപ്ലക്സ്, തളിപ്പറമ്പ
ഫോൺ: 9847112262, 9744586886

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2825
പവന് :22,600
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചരമം

ലൂസി പയസ്

ആലക്കോട്: മീമ്പറ്റിയിലെ വേരനാനിക്കൽ പയസ് ആഗസ്തിയുടെ ഭാര്യ ലൂസി (55) നിര്യാതയായി. തൊടുപുഴ ഞാറയ്ക്കാട്ട് മറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: ടിനു, ടിബിൻ (മനു). മരുമകൻ: ബിജു ഇരട്ടമുണ്ടക്കൽ (നടവയൽ), പരേതരായ എം.ഡി. ദേവസ്യ- ത്രേസ്യ ദമ്പതികളുടെ മകളാണ്. സഹോദരങ്ങൾ: ജോസ്, കുര്യാച്ചൻ, സിസ്റ്റർ സെൽമ്മ (ഹൈദരാബാദ്), മേരി, ഷൈനി, ദേവസ്യ. സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോന പള്ളിയിലെ കുടുംബ കല്ലറയിൽ.

ഖദീജ

നടുവിൽ: നടുവിൽ കിഴക്കേ കവലയിലെ പരേതനായ കല്ലിങ്കീരികത്ത് മമ്മദി (വട്ടക്കണ്ടി മമ്മു)ന്റെ ഭാര്യ മാങ്ങാടന്റകത്ത് ഖദീജ (78) നിര്യാതയായി. മക്കൾ: നഫീസ, മൊയ്തീൻ, അഹമ്മദ്, അബൂബക്കർ, ഫാത്തിമ, പരേതരായ അബ്ദുള്ള, ഉമ്മർ. മരുമക്കൾ: ആസിയ, ആലിക്കുഞ്ഞി (ഇരുവരും നടുവിൽ), സുഹ്റ (പുഷ്പഗിരി), ആമിന (ചപ്പാരപ്പടവ്), മിസ്‌റിയ (നടുവിൽ), മിസ്‌റിയ (കൊളത്ത), അബ്ദുള്ള (കല്ലീക്കൽ). സഹോദരങ്ങൾ: അലീമ (കാട്യം), ഇബ്രാഹിം (പാപ്പിനിശേരി), സൈനബ (മാട്ടൂൽ), ആയിഷ (നടുവിൽ), പരേതരായ ഹമീദ്, മൂസാൻ.

ത്രേസ്യാമ്മ

നടുവിൽ: മണ്ടളത്തെ അഴകംപറമ്പിൽ അഗസ്റ്റിന്റെ ഭാര്യ ത്രേസ്യാമ്മ (82) നിര്യാതയായി. പാല രാമപുരം തടത്തിൽ കുടുംബാംഗമാണ്. മക്കൾ: ജെസി, തങ്കച്ചൻ, ബാബു, ജയ്സൺ, സിബി, ഷിനോ. മരുമക്കൾ: ടോമി സേവ്യർ തെക്കേൽ (പ്രധാനാധ്യാപകൻ, വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പാല), മിനി മഠത്തിപ്പറമ്പിൽ (വീർപ്പാട്), ട്രീസ വലക്കമറ്റത്തിൽ (പൈസക്കരി), ഷൈനി ഒരപ്പാങ്കൽ (പാടിയോട്ടുചാൽ), മിനി അരുമച്ചാടത്ത് (ഉളിക്കൽ), ഹർഷ (ചരൾ). സംസ്കാരം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് മണ്ടളം സെന്റ്ജൂഡ്സ് പള്ളിയിൽ.

ഏലിയാമ്മ

ആലക്കോട്: മംഗരയിലെ ഇലവുങ്കൽ ചാക്കോയുടെ ഭാര്യ ഏലിയാമ്മ (75) നിര്യാതയായി. മക്കൾ: അലക്സാണ്ടർ, മാത്യു, ലിസി. മരുമക്കൾ: മോളി (എടക്കോം), ഐസക് (പെരുമ്പടവ്), ലീലാമ്മ.

ഡോ.പി.എ.മധുജിത്ത്



ചുഴലി: കൂവോട് ആയുർവേദ ആശുപത്രിയിലെ ചീഫ് മെഡിക്കൽ ഓഫീസറായിരുന്ന കൂടാളിയിലെ ഡോ. പി.എ. മധുജിത്ത് (68) നിര്യാതനായി. കൂടാളി പഞ്ചായത്ത് വൈസ് പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: സരള(റിട്ട. പ്രധാനാധ്യാപിക, കാഞ്ഞിരോട് യുപി സ്കൂൾ). മക്കൾ: സുദോഷ, തുഷാര. മരുമക്കൾ: അനീഷ്, സജിൻ. സഹോദരങ്ങൾ പത്മേഷണൻ, രമാവതി, ധനഞ്ജയൻ, ശാന്താദേവി, ശ്രീദേവി, പ്രസന്ന. സംസ്കാരം നാളെ രാവിലെ പത്തിന് ചുഴലി തറവാട്ട് ശ്മശാനത്തിൽ.

കൃഷ്ണൻ നായർ

കാഞ്ഞിലേരി: മൊളൂരിലെ അമ്പിലോത്ത് കൃഷ്ണൻ നായർ (90) നിര്യാതനായി. ഭാര്യ: കണിയാരത്ത് ലക്ഷ്മി. മക്കൾ: ശ്രീധരൻ, രോഹിണി (കുറുമാത്തൂർ), കമലാക്ഷി, രാധ, ബിജു, രാജൻ. മരുമക്കൾ: പത്മാവതി, കൃഷ്ണൻ (കുറുമാത്തൂർ), ടി. നാരായണൻ, ബാബു, ഗീത, സിന്ധു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 117 RNI Reg.No.KER MAL/2007/22043